## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2133 | 01.02.2018 ൽ മറുപടിയ്ക്ക് |
|---|---|
| **കൊല്ലം മണ്ഡലത്തിൽ സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്ത അംഗൻവാടികൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.എം.മുകേഷ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) കൊല്ലം മണ്ഡലത്തിന്റെ ഭാഗമായ നഗരസഭാ പ്രദേശങ്ങളിലും തൃക്കരുവ, പനയം പഞ്ചായത്തുകളിലുമായി എത്ര അംഗനവാടികളാണ് പ്രവർത്തിച്ച് വരുന്നത്; ഇതിൽ സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്ത എത്ര അംഗൻവാടികൾ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) കൊല്ലം മണ്ഡലത്തിലെ നഗരസഭാ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം -559<br>ഇതിൽ സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം - 363<br>തൃക്കരുവ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം - 26<br>ഇതിൽ സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം - 8<br>പനയം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം - 25<br>ഇതിൽ സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം - 7 |
| (ബി) മാതൃകാ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനായി കൊല്ലം മണ്ഡലത്തിൽ പത്ത് സെന്റ് ഭൂമി സ്വന്ത്മായുള്ള അംഗൻവാടികൾ ഇല്ലാത്ത സാഹചര്യത്തിൽ ലഭ്യമായ ഭൂമിയിൽ മാതൃക അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചാൽ പരിഗണിക്കുമോ; വ്യക്തമാക്കാമോ ? | (ബി). ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് വീതം എന്ന മാതൃക അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയുടെ നിലവിലെ മാനദണ്ഡം അനുസരിച്ച് 10 സെന്റ് സ്ഥലവും ബന്ധപ്പെട്ട എം.എൽ.എ യുടെ ശുപാർശയുടെ അടിസ്ഥാനത്തിലും ആണ് നാളിതുവരെ കെട്ടിടനിർമ്മാണാനുമതി നൽകി വരുന്നത്. 16.01.2012 ലെ സഉ(സാധാ) നം.23/2012/സാക്ഷേവ പ്രകാരം മാതൃകാ അങ്കണവാടിക്ക് ചുരുങ്ങിയത് 10 സെന്റ് സ്ഥലം പഞ്ചായത്ത് ലഭ്യമാക്കണമെന്നും അനുശാസിക്കുന്നു. ആയതിനാൽ 10 സെന്റ് ഭൂമി സ്വന്തമായി ഇല്ലാത്ത അങ്കണവാടിയെ മാതൃകാ അങ്കണവാടിയായി ഉയർത്താൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ